**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1210** **10-08-2023 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം പുനരധിവാസ പാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. വിൻസെന്റ്,<br>ശ്രീ. സി. ആർ. മഹേഷ്,<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ഡോ. മാത്യു കുഴൽനാടൻ** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | വിഴിഞ്ഞം പദ്ധതിയുമായി ബന്ധപ്പെട്ട് 2015-ൽ, തീരശോഷണം ഉൾപ്പെടെയുള്ള ആശങ്കകൾ ദൂരീകരിക്കുന്നതിന് 475 കോടി രൂപ അഞ്ച് വർഷം കൊണ്ട് വിനിയോഗിക്കാവുന്ന രീതിയിൽ പുനരധിവാസപാക്കേജായി ആവിഷ്കരിച്ച പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ; | (എ) | വിശദാംശം അനുബന്ധം-1 ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയിൽ സ്ഥലം ഏറ്റെടുക്കൽ, വീട് നിർമ്മാണം, ജീവിതോപാധി കണ്ടെത്തൽ, സ്ത്രീ ശാക്തീകരണം, വിദ്യാഭ്യാസ സഹായം, വാർദ്ധക്യകാല പരിചരണം, നൈപുണ്യ വികസനം എന്നീ ഇനങ്ങളിൽ വകയിരുത്തിയ തുക കാര്യക്ഷമമായി വിനിയോഗിക്കാൻ സാധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. വിശദാംശം അനുബന്ധം-2 ആയി ചേർക്കുന്നു. |
| (സി) | പ്രസ്തുത പദ്ധതിയിലെ പുനരധിവാസ പാക്കേജ് പൂർണ്ണമായും നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | നടപടികൾ സ്വീകരിച്ച് വരുന്നു. വിശദാംശം അനുബന്ധം-3 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം-1

വിഴിഞ്ഞം പദ്ധതിയുമായി ബന്ധപ്പെട്ട ആശങ്കകൾ ദൂരീകരിക്കുന്നതിന് അഞ്ച് വർഷം കൊണ്ട് വിനിയോഗിക്കാവുന്ന രീതിയിൽ 475 കോടി രൂപയുടെ പദ്ധതിയ്ക്ക് സ.ഉ. (കൈ) നം. 55/2015/മ.തു.വ തീയതി 11.11.2015 പ്രകാരം സർക്കാർ ഉത്തരവായിരുന്നു.

സർക്കാർ ഉത്തരവിൽ വിഭാവനം ചെയ്തിരിക്കുന്ന പദ്ധതികളും അവയ്ക്കായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള തുകയും സംബന്ധിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി ഘടകം | തുക കോടിയിൽ |
|---|---|---|
| 1 | ആവശ്യമെങ്കിൽ 50 ഏക്കർ സ്ഥലം 5 വർഷം കൊണ്ട് ഏറ്റെടുത്ത് ഫ്ളാറ്റുകൾ നിർമ്മിച്ച് പുനരധിവാസം | 350 |
| 2 | മത്സ്യത്തൊഴിലാളി ജീവനോപാധി പദ്ധതികൾ | 59 |
| 3 | മത്സ്യത്തൊഴിലാളികൾക്ക് തൊഴിൽ പരിശീലനം | 0.5 |
| 4 | മത്സ്യത്തൊഴിലാളി വനിതാ ശാക്തീകരണം | 39 |
| 5 | വിദ്യാഭ്യാസ സൗകര്യ വികസനം | 24 |
| 6 | മത്സ്യത്തൊഴിലാളി വയോജന ക്ഷേമം | 2.5 |
| | ആകെ | 475 |

സർക്കാർ ഉത്തരവ് നടപ്പിലാക്കുന്നതിനായി ഫിഷറീസ് വകപ്പിനു കീഴിൽ 22/07/2017 ൽ രൂപീകരിച്ച പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് (PIU) സർക്കാർ ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള മത്സ്യഗ്രാമങ്ങളിൽ വിശദമായ സർവ്വേ നടത്തുകയും നടപ്പിലാക്കാൻ കഴിയുന്ന പദ്ധതികളേയും മത്സ്യത്തൊഴിലാളികളുടെ ആവശ്യങ്ങളേയും സംബന്ധിച്ച് പഠിച്ച് ചുവടെ പറയുന്ന പ്രകാരം 30.36 കോടി രൂപയുടെ ഡി. പി. ആർ തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിച്ചിരുന്നു.

| ക്രമ നം. | ഇനം | തുക (കോടിയിൽ) |
|---|---|---|
| 1 | സ്റ്റേ ബോട്ട് ഫിഷിംഗ് (100 യൂണിറ്റ്) | 20.00 |
| 2 | സ്റ്റോക്ക് എൻഹാൻസ്മെന്റ് ഓഫ് ഷെൽ/ഫിൻ ഫിഷസ് എലോംഗ് ദ കോസ്റ്റ് ഓഫ് സൗത്ത് കൊല്ലങ്കോട് - അടിമലത്തുറ | 1.00 |
| 3 | ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് ഓഫ് കരിയർ ഗൈഡൻസ് | 0.10 |
| 4 | തീരനൈപുണ്യം (3000 യൂത്ത്) | 4.912 |
| 5 | ഫിഷ് കിയോസ്ക്ക് (200 യൂണിറ്റ്) | 0.60 |

| | | |
|---|---|---|
| 6 | ആർട്ടിഫിഷ്യൽ റീഫ് (1600 എണ്ണം) | 3.7563 |
| | **ആകെ** | **30.3683** |

വിഴിഞ്ഞം തുറമുഖ പദ്ധതി പുനരധിവാസ പാക്കേജിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിലെ 8 മത്സ്യഗ്രാമങ്ങളിൽ കൃത്രിമപ്പാര് സ്ഥാപിക്കുന്ന 375.63 ലക്ഷം രൂപ അടങ്കൽ തുകയുള്ള പദ്ധതിയ്ക്ക് സർക്കാർ ഭരണാനുമതി നൽകുകയും, 7 മത്സ്യഗ്രാമങ്ങളിലായി 1400 കൃത്രിമപാര് യൂണിറ്റുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനു പുറമെ സംസ്ഥാന സർക്കാരിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി പദ്ധതി മേഖലയിൽ 5.60 കോടി രൂപ ചെലവിൽ 2250 കൃത്രിമപാര് യൂണിറ്റുകളും സ്ഥാപിച്ചിട്ടുണ്ട്.

പുനരധിവാസ നടപടികളുടെ പുരോഗതി ചർച്ച ചെയ്യുന്നതിനായി 27.09.2022 ന് തുറമുഖ വകുപ്പ് സെക്രട്ടറി വിളിച്ച ചേർത്ത യോഗത്തിൽ മത്സ്യ തൊഴിലാളികളുടെ അടിസ്ഥാന ആവശ്യങ്ങൾ ഒന്നുകൂടി പരിശോധിച്ചും പരിഗണിച്ചും പുതുക്കിയ പ്രൊപോസൽ സമർപ്പിക്കാൻ നിർദേശിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 479.34 കോടി രൂപയുടെ പുതുക്കിയ പ്രൊപ്പോസൽ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, പി.ഐ.യു സമർപ്പിച്ചതിന്മേൽ ഫിഷറീസ് ഡയറക്ടറുടെ അഭിപ്രായം സഹിതം പ്രൊപ്പോസൽ സമർപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

Sd/-

**സെക്ഷൻ ഓഫീസർ**

## അനുബന്ധം-2

പരിസ്ഥിതി പഠന റിപ്പോർട്ട് അനുസരിച്ചും കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെ വിലയിരുത്തലുകളനുസരിച്ചും തുറമുഖ നിർമ്മാണം തീരശോഷണത്തിന് കാരണമാകുകയില്ല എന്നാണെങ്കിലും പനത്തുറ മുതൽ വേളി വരെ തീരദേശത്ത് താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനായി ലാന്റ് ബാങ്കിൽ ഉൾപ്പെടുത്തി 50 ഏക്കർ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് 190 ഏക്കറോളം സ്വകാര്യ ഭൂമിയും 118.32 ഏക്കർ സർക്കാർ ഭൂമിയും കണ്ടെത്തുകയും ഇതിൽ 6.26 ഏക്കർ സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. പുനരധിവാസത്തിനായി കണ്ടെത്തിയ സർക്കാർ ഭൂമിയിൽ ആറ്റിപ്ര വില്ലേജിൽ സെന്റ് മഗ്ദലീന ചർച്ചിന് സമീപം 1.65 ഏക്കർ ഭൂമി സ.ഉ. (കൈ) നം. 197/2019/റവ തീയതി 25. 06.2019 പ്രകാരം ഫിഷറീസ് വകുപ്പിന് കൈവശാവകാശം കൈമാറി നൽകുന്നതിന് അനുമതി ഉത്തരവായെങ്കിലും പള്ളിക്കാരുടെ തർക്കത്തെ തുടർന്ന് പ്രസ്തുത ഭൂമി ലഭിക്കാത്തതിനാൽ പ്രദേശ വാസികളുടെ പുനരധിവാസത്തിനായി തുടർ നടപടി സ്വീകരിക്കുവാൻ കഴിഞ്ഞിട്ടില്ല.

മുട്ടത്തറ വില്ലേജിൽ വലിയതുറയിൽ 2.94 ഏക്കർ ഭൂമി ഫിഷറീസ് വകുപ്പിന് കൈമാറി കിട്ടിയിട്ടുണ്ട്. ഈ സർക്കാർ ഭൂമിയിൽ 192 ഫ്ലാറ്റ് നിർമ്മിക്കുന്നതിന് സ.ഉ. (സാധാ) നം. 303/2021/മ.തു.വ. തീയതി 16.06.2021 പ്രകാരം ഭരണാനുമതി നൽകിയെങ്കിലും വികലാംഗർക്ക് പുനരധിവാസം ഉറപ്പാക്കാതെ വലിയതുറയിൽ ഫ്ലാറ്റ് നിർമ്മാണം അനുവദിക്കാൻ കഴിയില്ല എന്നാണ് ഒരു വിഭാഗം പ്രദേശവാസികളുടെ വാദം. ആയതിൽ ജില്ലാ കളക്ടർ തിരുവനന്തപുരം, കോർപ്പറേഷൻ മേയർ എന്നിവരുടെ നേതൃത്വത്തിൽ ചർച്ച നടത്തുകയും പരസ്പരം ഭൂമി കൈമാറി ഫ്ലാറ്റ് നിർമ്മാണം തുടങ്ങുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൻ പ്രകാരം ഫിഷറീസ് വകുപ്പിന് കൈമാറി കിട്ടിയ 2 ഏക്കർ ഭൂമിയിൽ 96 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിന് 20.7 കോടി രൂപയുടെ പ്രൊപോസൽ ഫിഷറീസ് ഡയറക്ടർ സമർപ്പിച്ചത് പരിശോധിച്ച് വരുന്നു.

തിരുവനന്തപുരം സോഷ്യൽ സർവീസ്സ് സൊസൈറ്റി കൈമാറി നൽകിയ കടകംപള്ളി വില്ലേജിലെ 2 ഏക്കർ ഭൂമിയിൽ 168 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനായി 37.62 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുകയും 20 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

വലിയതുറ സെന്റ് ആന്റണീസ് സ്കൂൾ കൈമാറി നൽകിയ 37 സെന്റ് ഭൂമിയിൽ 24 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിന് 5.74 കോടി രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിയ്ക്കായി സർക്കാർ പരിഗണനയിലാണ്.

ഇതിനു പുറമേ മേൽ പ്രദേശത്ത് കടലാക്രമണത്താൽ ഭൂമിയും വീടും നഷ്ടപ്പെട്ടവർക്കും കടലാക്രമണ ഭീഷണിയിൽ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്നവരുടെ പുനരധിവാസത്തിനായി മുട്ടത്തറ വില്ലേജിൽ ക്ഷീരവികസന വകുപ്പിന്റെ കൈവശം ഉള്ള 17.43 ഏക്കർ ഭൂമിയിൽ നിന്നും 8 ഏക്കർ ലഭ്യമാക്കി 400 ഫ്ലാറ്റ് നിർമ്മിക്കുന്നതിന് 81 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നിർമ്മാണ ഉദ്ഘാടനം 2023 ഫെബ്രുവരി 10 ന് ബഹു.മുഖ്യമന്ത്രി നിർവ്വഹിച്ചു. നിർമ്മാണ പ്രവർത്തനം ഒന്നര വർഷം കൊണ്ട് പൂർത്തീകരിച്ച് ഫ്ലാറ്റ് ഗുണഭോക്താക്കൾക്ക് കൈമാറുന്നതിനാണ് ലക്ഷ്യമിടുന്നത്. നിർമ്മാണം വളരെ വേഗത്തിൽ പുരോഗമിച്ചു വരികയാണ്.

മുട്ടത്തറ വില്ലേജിൽ ക്ഷീര വികസന വകുപ്പിന്റെ കൈവശം നിന്നും 3.5 ഏക്കർ ഭൂമി ലഭ്യമാക്കി ഫ്ലാറ്റ് നിർമ്മിച്ച് 192 കുടുംബങ്ങളെ 2018 ൽ പുനരധിവസിപ്പിച്ചു. ഇതേ ഫ്ലാറ്റ് സമുച്ചയത്തിന്റെ കോമ്പൗണ്ടിനുള്ളിൽ ഒരു കോമൺ ഫെസിലിറ്റി സെന്റർ നിർമ്മിക്കുന്നതിനായി 310.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. രണ്ടു നിലകളിലായി കമ്മ്യൂണിറ്റി ഹാൾ, ട്രെയിനിംഗ് ഹാൾ, അംഗൻവാടി, മാവേലിസ്റ്റോർ, എന്നീ സൗകര്യങ്ങളാണ് കെട്ടിടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത് .

തിരുവനന്തപുരം ജില്ലയിൽ കടകംപള്ളി, കരുംകുളം, മുട്ടത്തറ എന്നീ വില്ലേജുകളിലായി ഭൂമി ഏറ്റെടുക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു.

വിഴിഞ്ഞം തുറമുഖ പദ്ധതി പുനരധിവാസ പാക്കേജിന് ഭരണാനുമതി ലഭിച്ച ശേഷം കേരളത്തിലെ തീരദേശത്തെ കടലാക്രമണ ഭീഷണി മനസ്സിലാക്കി തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്ന മുഴുവൻ ജനവിഭാഗങ്ങളേയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിന് കഴിയുമാറ് 2450 കോടി രൂപയുടെ പുനർഗേഹം എന്ന ബൃഹദ് പദ്ധതിയ്ക്ക് ഭരണാനുമതി നല്കിയത്. വിഴിഞ്ഞം പുനരധിവാസ പദ്ധതിയിൽ പ്രഖ്യാപിച്ചിരുന്ന പനത്തുറ മുതൽ വേളി വരെയുള്ള പ്രദേശവും പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുന്നു. ഈ പ്രദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ 1615 ഭവനങ്ങൾ ഉണ്ടായിരുന്നതായി 2018-ൽ നടത്തിയ സർവേയിൽ കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 963 കുടുംബങ്ങൾ മാത്രമാണ് സുരക്ഷിത മേഖലയിലേക്ക് മാറി താമസിക്കുവാൻ തയ്യാറായത്. ഇതിൽ 125 പേർ ഭൂമി കണ്ടെത്തുകയും 82 പേർ ഭൂമി രജിസ്റ്റർ ചെയ്യുകയും 42 പേർ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കടലാക്രമണ ഭീതിയിൽ തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്ന മുഴുവൻ ജനവിഭാഗങ്ങൾക്കും പുനർഗേഹം പദ്ധതി പ്രകാരം ധനസഹായത്തിന് അർഹതയുണ്ട്.

**സ്ത്രീ ശാക്തീകരണം**

സാഫ് മുഖേന സ്ത്രീ ശാക്തീകരണത്തിനായി തീരനൈപുണ്യ പരിശീലനവും സൂക്ഷ്മ തൊഴിൽ സംരംഭങ്ങളും പലിശ രഹിത വായ്പയും മത്സ്യ വില്പനയിൽ ഏർപ്പെടുന്നവർക്ക് റിവോൾവിംഗ് ഫണ്ടും സീ ഫുഡ് റെസ്റ്റോറന്റും മത്സ്യ വില്പനയ്ക്കായി കിയോസ്കുകളും അനുവദിച്ചിട്ടുണ്ട്.

**വാർധക്യ കാല പരിചരണം**

വൃദ്ധജനങ്ങളുടെ സംരക്ഷണത്തിനും ക്ഷേമത്തിനുമായി കോട്ടപ്പുറത്ത് ഒരു പകൽ വീട് സ്ഥാപിക്കുന്നതിനായി ഒരു പദ്ധതി തയ്യാറാക്കുകയും, ഇതിനനുയോജ്യമായ സ്ഥലം വാങ്ങുന്നതിനുള്ള ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ 4 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

**വിദ്യാഭ്യാസ സഹായവും തൊഴിൽ നൈപുണ്യ വികസനവും സുസ്ഥിര ഉപജീവന വികസന പദ്ധതികളും**

മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതികളിൽ ഉൾപ്പെടുത്തി വിദ്യാഭ്യാസ ധന സഹായത്തിന് പുറമെ മെഡിക്കൽ എൻട്രൻസ് പരിശീലനം, ബാങ്ക് ടെസ്റ്റ് പരിശീലനം, സിവിൽ സർവീസ് പരിശീലനം, പി.എസ്.സി. പരീക്ഷ പരിശീലനം, മാതാപിതാക്കൾ മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കളെ ദത്തെടുത്ത് പഠിപ്പിക്കൽ എന്നിവയും പരിശീലന ബോധവത്കരണ പരിപാടികളുടെ ഭാഗമായി കരിയർ ഗൈഡൻസ്, ബോധവത്കരണ ക്യാമ്പുകൾ, മെഡിക്കൽ ക്യാമ്പുകൾ എന്നിവയും സംഘടിപ്പിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് പഠന ഉപകരണങ്ങൾ നല്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ലാപ്ടോപ്പ് വിതരണവും മേഖല ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളിൽ താമസിച്ച് പഠിക്കുന്നതിനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിലെ 150 മത്സ്യത്തൊഴിലാളി യുവാക്കൾക്ക് കടൽ രക്ഷാപ്രവർത്തനത്തിൽ പ്രത്യേക പരിശീലനം നല്കിയിട്ടുണ്ട്. ഇതിൽ 112 പേരും വിഴിഞ്ഞം തുറമുഖ പദ്ധതി മേഖലയിൽ ഉൾപ്പെടുന്നവരാണ്. കടൽ ദിശാ സൂചക ഉപകരണങ്ങൾ, രക്ഷാ ഉപകരണങ്ങളുമായ ലൈഫ് ജാക്കറ്റ്, ലൈഫ് ബോയ്, GPS, NAVIC, സാറ്റലൈറ്റ്

ഫോൺ, ഇക്കോ സൗണ്ടർ എന്നിവയും വിതരണം ചെയ്തിട്ടുണ്ട്. പിടിച്ചെടുത്ത മത്സ്യം കേട് കൂടാതെ കരയ്ക്കെത്തിക്കുന്നതിന് കഴിയുമാറ് ഇൻസുലേറ്റഡ് ബോക്സും അനുവദിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾക്ക് ജീവനോപാധിയായി വള്ളവും വലയും നല്കുന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു.

പദ്ധതി പ്രദേശത്തെ 600 സ്ത്രീകൾക്ക് നല്കിയ സ്വയംതൊഴിൽ പരിശീലനങ്ങളിൽ നിന്ന് 17 ഗ്രൂപ്പ് സംരംഭങ്ങൾക്ക് തുടക്കം കുറിച്ചു. ഇതിനാവശ്യമായ തുകയിൽ 50% തുക അദാനി കമ്പനിയും വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡും വഹിക്കുയും 40% തുക ബാങ്ക് ലോണായി ലഭ്യമാക്കുകയും 10% തുക ഗുണഭോക്തൃവിഹിതമായി കണ്ടെത്തുകയും ചെയ്യുന്നു.

തൊഴിൽ നൈപുണ്യ പരിശീലനങ്ങളുടെ ഭാഗമായി നാളിതുവരെ 554 യുവതിയുവാക്കൾക്ക് പരിശീലനം നല്കുകയും വിവിധ മേഖലകളിലായി 234 പേർക്ക് തൊഴിൽ ലഭ്യമാക്കുകയും ചെയ്തു.

വിഴിഞ്ഞം തുറമുഖ പദ്ധതി പുനരധിവാസ പാക്കേജിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിലെ 8 മത്സ്യഗ്രാമങ്ങളിൽ കൃത്രിമപ്പാര് സ്ഥാപിക്കുന്ന 375.63 ലക്ഷം രൂപ അടങ്കൽ തുകയുള്ള പദ്ധതിയ്ക്ക് ഭരണാനുമതി നൽകുകയും 7 മത്സ്യഗ്രാമങ്ങളിലായി 1400 കൃത്രിമപാര് യൂണിറ്റുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

ഇതിനു പുറമെ സംസ്ഥാന സർക്കാരിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി പദ്ധതി മേഖലയിൽ 5.60 കോടി രൂപ ചെലവിൽ 2250 കൃത്രിമപാര് യൂണിറ്റുകളും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം ജില്ലയിലെ മുഴുവൻ മത്സ്യ ഗ്രാമങ്ങളിലും കൃത്രിമപ്പാര് സ്ഥാപിക്കുന്നതിന് തീരദേശ വികസന കോർപറേഷൻ മുഖേന നടപടി സ്വീകരിച്ചു വരുന്നു.

## VISL, അദാനി പോർട്സ് എന്നിവർ മുഖേന നടപ്പാക്കിയ പ്രവർത്തനങ്ങൾ

### ആരോഗ്യ പരിരക്ഷ

പൊതുജനാരോഗ്യ പ്രവർത്തനങ്ങളുടെ ഭാഗമായി ഒരു മെഡിക്കൽ ടീം സൗജന്യ മരുന്നും ചികിത്സയും നല്കിക്കൊണ്ട് പദ്ധതി പ്രദേശത്ത് പ്രവർത്തിച്ചു വരുന്നു. നാളിതുവരെ 23732 പേർക്ക് ഈ യൂണിറ്റിന്റെ സേവനം ലഭ്യമായിട്ടുണ്ട്. കൂടാതെ ക്യാൻസർ, നേത്രരോഗങ്ങൾ, ത്വക്ക് രോഗങ്ങൾ തുടങ്ങിയവയ്ക്ക് സ്പെഷ്യലൈസ്ഡ് മെഡിക്കൽ ക്യാമ്പുകളും നടത്തി വരുന്നു.

പദ്ധതി പ്രദേശത്തെ 49 അംഗൻവാടികൾ കേന്ദ്രീകരിച്ച് നടപ്പിലാക്കി വരുന്ന 'സുപോഷൺ' പദ്ധതിയുടെ ഭാഗമായി പോഷണ ശോഷണം നേരിടുന്ന 268 കുട്ടികളുടെ പോഷണ ശോഷണവും ആയിരത്തിലധികം സ്ത്രീകളുടെ വിളർച്ചയും തടയുവാനും നിരവധി ആരോഗ്യ ബോധവത്ക്കരണ പരിപാടികൾ നടത്തുവാനും കഴിഞ്ഞു.

മാലിന്യസംസ്കരണ/ആരോഗ്യപ്രവർത്തനങ്ങളുടെ ഭാഗമായി പദ്ധതി പ്രദേശത്ത് ബോധവത്ക്കരണം, അടുക്കളത്തോട്ടങ്ങൾ എന്നിവയും പ്രോത്സാഹിപ്പിച്ചു വരുന്നു.

### മേഖലയിലെ വിദ്യാഭ്യാസ സഹായങ്ങൾ

പ്രതിമാസ കുടുംബ വരുമാനം 10,000/ രൂപയിൽ താഴെയുള്ള സമർത്ഥരായ 100 വിദ്യാർത്ഥികൾക്ക് എല്ലാ വർഷവും വിദ്യാഭ്യാസ സ്കോളർഷിപ്പ് നല്കി വരുന്നു. ഇംഗ്ലീഷ് ഭാഷാ പരിശീലനം, കരിയർ ഗൈഡൻസ്, ഓപ്പൺ ഹൗസ്, ലിറ്ററേച്ചർ മീറ്റ് എന്നിവയിലൂടെ പ്രതിമാസം ആയിരത്തിലധികം കുട്ടികൾക്ക് പരിശീലനം നല്കി വരുന്നു.

വീട്ടമ്മമാരെ ഡിജിറ്റൽ സേവനങ്ങൾ പരിചയപ്പെടുത്തുന്ന പരിശീലനങ്ങളുടെ

ഭാഗമായി പ്രതിവർഷം 1200 പേർക്ക് ഡിജിറ്റൽ ലിറ്ററസി പരിശീലനങ്ങൾ നല്കുകയും ടെലിഫോൺ, വൈദ്യുതി, വെള്ളം തുടങ്ങിയവയുടെ ബിൽ പേയ്മെന്റുകളും ബാങ്കിംഗ് സേവനങ്ങളും ഓൺലൈനായി ചെയ്യുവാൻ അവരെ പ്രാപ്തരാക്കുകയും ചെയ്തു.

സ്മാർട്ട് ക്ലാസ് റൂമുകളായി ഉപയുക്തമാക്കാൻ കഴിയുന്ന രീതിയിൽ പദ്ധതി പ്രദേശത്തെ 9 സർക്കാർ വിദ്യാലയങ്ങളും 5 എയ്ഡഡ് സ്കൂളുകളും ഉൾപ്പെടെ 14 വിദ്യാലയങ്ങൾക്ക് സ്മാർട്ട് ക്ലാസ്സും ഉപകരണങ്ങൾ നല്കുകയും അധ്യാപകർക്ക് പരിശീലനം നല്കുകയും ചെയ്തു. മുല്ലൂർ ഗവ: യു. പി. സ്കൂളിലും ഹാർബർ ഏര്യാ എൽ. പി. സ്കൂളിലും 10 ക്ലാസ് മുറികൾ വീതമുള്ള ഇരുനില സ്കൂൾ മന്ദിരങ്ങൾ നിർമ്മിച്ചു നല്കി.

കോട്ടപ്പുറം സെന്റ് മേരീസ് ഹയർസെക്കണ്ടറി സ്കൂളിന് ബാസ്കറ്റ്ബോൾ, ഫുട്ബോൾ, വോളിബോൾ എന്നിവ അടങ്ങിയ സ്കൂൾ പ്ലേ ഗ്രൗണ്ട് വികസിപ്പിച്ചു നല്കി.

**തൊഴിൽ**

പോർട്ടിന്റെ നിർമ്മാണ ജോലി നടന്നുവരുമ്പോൾ പരമാവധി തദ്ദേശീയരായ നാട്ടുകാർക്ക് ആവശ്യമായ നൈപുണ്യത്തിന്റെ ലഭ്യതയനുസരിച്ച് തൊഴിൽ നല്കി വരുന്നു. ഇതിനായി ഓരോ തൊഴിലവസരങ്ങൾ ഉണ്ടാകുമ്പോഴും പതിവായി അത് തദ്ദേശീയരെ അറിയിക്കുന്നുണ്ട്. ആവശ്യത്തിന് നൈപുണ്യം ഉള്ളവരെ വാർത്തെടുക്കുന്നതിനായി ASAP- ന്റെ നേതൃത്വത്തിൽ വിഴിഞ്ഞത്ത് VISL ന്റെ സ്ഥലത്ത് ഒരു നൈപുണ്യ വികസന പാർക്ക് (CSP) സ്ഥാപിച്ചു കഴിഞ്ഞു. ഇവിടെ പോർട്ടുമായി ബന്ധപ്പെട്ട കോഴ്സുകൾ ആരംഭിച്ച് പരിശീലനം ഉടനെ ആരംഭിക്കുന്നതാണ്.

Shetha

**സെക്ഷൻ ഓഫീസർ**

## അനുബന്ധം-3

പുനരധിവാസ പാക്കേജ് പൂർണമായും നടപ്പിലാക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. ഫിഷറീസ് വകുപ്പിനു കീഴിൽ സർക്കാർ രൂപീകരിച്ച പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് പ്രസ്തുത സർക്കാർ ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള മത്സ്യഗ്രാമങ്ങളിൽ വിശദമായ സർവ്വേ നടത്തുകയും നടപ്പിലാക്കാൻ കഴിയുന്ന പദ്ധതികളേയും മത്സ്യത്തൊഴിലാളികളുടെ ആവശ്യങ്ങളേയും സംബന്ധിച്ച് പഠിച്ച് 30.36 കോടി രൂപയുടെ ഡി. പി. ആർ സമർപ്പിച്ചിരുന്നു. പുനരധിവാസ നടപടികളുടെ പുരോഗതി ചർച്ച ചെയ്യുന്നതിനായി 27.09.2022 ന് തുറമുഖ വകുപ്പ് സെക്രട്ടറി വിളിച്ച ചേർത്ത യോഗത്തിൽ മത്സ്യ തൊഴിലാളികളുടെ അടിസ്ഥാന ആവശ്യങ്ങൾ ഒന്നുകൂടി പരിശോധിച്ചും പരിഗണിച്ചും പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കാൻ നിർദേശിച്ചു ആയതിന്റെ അടിസ്ഥാനത്തിൽ 479 .34 കോടി രൂപയുടെ പുതുക്കിയ പ്രൊപ്പോസൽ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, പി.ഐ.യു സമർപ്പിച്ചതിന്മേൽ ഫിഷറീസ് ഡയറക്ടറുടെ അഭിപ്രായം സഹിതം പ്രൊപ്പോസൽ സമർപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്

പരിസ്ഥിതി ആഘാത പഠന (Environmental Impact Assessment-EIA) റിപ്പോർട്ടിൽ പുനരധിവാസത്തിനായി 8.564 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. എന്നാൽ, നാളിതുവരെ 99.94 കോടി രൂപ ജീവനോപാധി നഷ്ടപരിഹാര ഇനത്തിൽ സർക്കാർ വിതരണം ചെയ്തിട്ടുണ്ട്.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട ജീവനോപാധി പുനരധിവാസ പ്രവർത്തനങ്ങളിലേക്കായുള്ള ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും അവരുടെ പുനരധിവാസത്തിനുമായി വിശദമായ പാക്കേജ് തയ്യാറാക്കുന്നതിന് തിരുവനന്തപുരം ജില്ലാ റവന്യൂ ഡിവിഷണൽ ഓഫീസർ ചെയർമാനായും ഫിഷറീസ് ജോയിന്റ് ഡയറക്ടർ (ദക്ഷിണ മേഖല) കൺവീനറായും, സയന്റിസ്റ്റ് ഇൻ ചാർജ്ജ് സി.എം.എഫ്.ആർ.ഐ വിഴിഞ്ഞം, ഡെപ്യൂട്ടി ഡയറക്ടർ തുറമുഖ വകുപ്പ്, ജനറൽ മാനേജർ മത്സ്യഫെഡ് എന്നിവർ അംഗങ്ങളായി ഒരു ഉപജീവനാഘാത നിർണ്ണയ സമിതിയും [Livelihood Impact Appraisal Committee-LIAC], ടി സമിതി തയ്യാറാക്കിയ റിപ്പോർട്ടിന്മേലുള്ള അപ്പീൽ അപേക്ഷകൾ പരിഗണിച്ച് പരിശോധിച്ച് തീരുമാനമെടുക്കുന്നതിന് തിരുവനന്തപുരം ജില്ലാ കളക്ടർ ചെയർമാനായും, ഫിഷറീസ് ഡയറക്ടർ കൺവീനറായും പോർട്ട്സ് ഡയറക്ടർ, മാനേജിംഗ് ഡയറക്ടർ മത്സ്യഫെഡ്, മാനേജിംഗ് ഡയറക്ടർ കോസ്റ്റൽ ഏര്യ ഡവലപ്മെന്റ് കോർപ്പറേഷൻ എന്നിവർ അംഗങ്ങളായി അപ്പീൽ കമ്മറ്റിയും രൂപീകരിച്ചിരുന്നു. അപ്പീൽ കമ്മറ്റി ആവശ്യാനുസരണം യോഗം ചേർന്ന് ഉപജീവനാഘാതവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ തീരുമാനം എടുത്തുവരുന്നു.

മുല്ലൂർ മത്സ്യഗ്രാമത്തിലെ ചിപ്പി/ലോബ്സ്റ്റർ തൊഴിലാളികൾ, വിഴിഞ്ഞം സൗത്ത് (കോട്ടപ്പുറം), അടിമലത്തുറ എന്നീ മത്സ്യഗ്രാമങ്ങളിലെ കരമടിത്തൊഴിലാളികൾ, വിഴിഞ്ഞം സൗത്ത് (കോട്ടപ്പുറം), അടിമലത്തുറ എന്നീ മത്സ്യഗ്രാമങ്ങളിലെ മോട്ടോർ ഘടിപ്പിക്കാത്ത യാനം (കട്ടമരം) ഉടമകൾ, വിഴിഞ്ഞം സൗത്ത്, വിഴിഞ്ഞം നോർത്ത്, അടിമലത്തുറ എന്നീ മത്സ്യഗ്രാമങ്ങളിലെ മോട്ടോർ ഘടിപ്പിച്ച യാനം ഉടമകൾ, കോട്ടപ്പുറം-വിഴിഞ്ഞം മേഖലകളിലെ മത്സ്യത്തൊഴിലാളി വനിതാ സ്വയംസഹായ സംഘങ്ങൾ, മുല്ലൂർ പ്രദേശത്തെ റിസോർട്ട് ജീവനക്കാർ, ചെറുകിട കച്ചവടക്കാർ എന്നിവർക്കുള്ള തൊഴിൽ നഷ്ടപരിഹാര പുനരധിവാസ പാക്കേജാണ് LIAC റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

ചിപ്പി/ലോബ്സ്റ്റർ തൊഴിലാളികൾ, കരമടി തൊഴിലാളികൾ, റിസോർട്ട് ജീവനക്കാർ എന്നിവർക്കുള്ള ജീവനോപാധി നഷ്ടപരിഹാരം സർക്കാർ ഉത്തരവോടെ വിതരണം ചെയ്തു കഴിഞ്ഞു. മോട്ടോർ ഘടിപ്പിച്ച യാനം വിഭാഗക്കാർക്ക് 2

വർഷക്കാലയളവിലേക്ക് സൗജന്യ മണ്ണെണ്ണ സർക്കാർ ഉത്തരവോടെ വിതരണം ചെയ്യുകയും അടുത്ത ഒരു വർഷത്തേയ്ക്കു കൂടി മണ്ണെണ്ണ വിതരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചും വരുന്നു. കട്ടമര ഉടമസ്ഥരുടെ നഷ്ട പരിഹാരത്തിനുള്ള റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട് . ഉപജീവനാഘാത നിർണ്ണയ സമിതിയുടെ റിപ്പോർട്ടിലുൾപ്പെട്ട എല്ലാ കാര്യങ്ങളിലും തുടർ നടപടികൾ സ്വീകരിച്ച് തീർപ്പാക്കി വരുന്നുണ്ട്.

പദ്ധതി ബാധിത പ്രദേശങ്ങളിൽ ജീവനോപാധി നഷ്ടപരിഹാരമായി 2640 പേർക്ക് 99.94 കോടി രൂപ ഇതിനകം തന്നെ വിതരണം ചെയ്തിട്ടുണ്ട്.

| ക്രമ നം. | വിഭാഗങ്ങൾ | എണ്ണം | തുക (കോടി) |
|---|---|---|---|
| 1 | ചിപ്പി/ ലോബ്സ്റ്റർ തൊഴിലാളികൾ | 262 | 12.36 |
| 2 | കരമടി | 913 | 54.24 |
| 3 | മണ്ണെണ്ണ ആനുകൂല്യം ലഭിച്ചവർ | 1221 | 27.18 |
| 4 | റിസോർട്ട് തൊഴിലാളികൾ | 211 | 6.08 |
| 5 | സ്വയംസഹായ സംഘങ്ങൾ | 33 | 0.08 |
| | **ആകെ** | **2640** | **99.94** |

ജീവനോപാധി നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട ഭൂരിഭാഗം പരാതികളും ഇതിനകം തന്നെ പരിഹരിച്ചു കഴിഞ്ഞു. ജീവനോപാധി നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട് നാളിതുവരെ നടത്തിയ എല്ലാ പ്രവർത്തനങ്ങളും വളരെ സുതാര്യവും കാര്യക്ഷമവുമായാണ് നിർവ്വഹിച്ചത്. പദ്ധതി പ്രദേശത്തെ പുനരധിവാസം, മാലിന്യ പ്രശ്നങ്ങൾ, ചികിത്സാ സഹായം മെച്ചപ്പെടുത്തൽ, കളിസ്ഥലം തുടങ്ങിയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സർക്കാർ പ്രത്യേകമായി രൂപീകരിച്ച മോണിറ്ററിംഗ് കമ്മറ്റി മുഖേനയും അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**